16
ഒക്ടോബർ
2020

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

ജംഗിൾ ന്യൂസ്

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

# അവാർഡ് നിർണയത്തിൽ ക്രമക്കേട്

**കാടളം:** മികച്ച സിനിമയെ തിരഞ്ഞെടുത്തതിൽ വൻ ക്രമക്കേട് നടന്നെന്ന് സംവിധായകനായ ചപ്രൻ കരടി പറഞ്ഞു. കോവിഡ് പ്രതിസന്ധി മൂലം വളരെ കുറച്ച് സിനിമകളേ ഈ വർഷം പുറത്തിറങ്ങിയിട്ടുള്ളൂ. കുറേയെണ്ണം ആമസോൺ പ്രൈമിലും മറ്റു ഓൺലൈൻ പ്ലാറ്റ്ഫോമുകളിലുമാണ് റിലീസ് ചെയ്തത്. ഉപ്പില്ലാത്ത കഞ്ഞി എന്ന ചുപ്പൻ നായയുടെ സിനിമക്ക് അവാർഡ് നൽകാനായി തിരക്കിട്ട് റിലീസ് ചെയ്യുകയായിരുന്നു. ചുപ്പൻ നായയുടെ മൂത്താപ്പാന്റെ മോനാണ് അവാർഡ് നിർണയ കമ്മറ്റിയിലുള്ള ഡേവിഡ് ഡോഗ്. അല്ലാതെ മികച്ച സിനിമ നോക്കിയല്ല അവാർഡ് നിർണയം നടത്തിയിട്ടുള്ളത്. എന്റെ കുരുവില്ലാത്ത തണ്ണിമത്തൻ എന്ന സിനിമയെ മനഃപൂർവം ഒഴിവാക്കുകയായിരുന്നു. അത് കണ്ട് കരഞ്ഞ ഒരുപാട് മൃഗങ്ങളുണ്ട്. അതൊന്നും കാണാൻ അവാർഡ് കമ്മറ്റിക്ക് കണ്ണില്ല. കണ്ണീച്ചോരയില്ലാത്തവരാണവർ. ഇനി ഞാൻ അവാർഡ് കമ്മിറ്റിയിലെ ആരോടും മിണ്ടില്ല എന്നും അവരോട് ഇനി മുതൽ കൂട്ടില്ല എന്നും ചപ്രൻ കരടി കൂട്ടിച്ചേർത്തു.



## 'ഉപ്പില്ലാത്ത കഞ്ഞി', മികച്ച സിനിമ



**കൊട്ടക:** ചുപ്പൻ നായ സംവിധാനം ചെയ്ത ഉപ്പില്ലാത്ത കഞ്ഞി എന്ന സിനിമ ഈ വർഷത്തെ മികച്ച സിനിമയായി തിരഞ്ഞെടുക്കപ്പെട്ടു. ഉപ്പില്ലാത്ത കഞ്ഞി കഴിച്ച പൂച്ചക്കുട്ടിയുടെ ധർമസങ്കടങ്ങളാണ് സിനിമയുടെ കഥാതന്തു. വഴിയോരത്ത് നിന്നൊരു പൂച്ചയിൽ നിന്നാണ് തനിക്കീ സിനിമയുടെ തീം കിട്ടിയത് എന്ന് സംവിധായകനും തിരക്കഥാകൃത്തുമായ ചുപ്പൻ നായ പറഞ്ഞു. ഉപ്പില്ലാത്ത കഞ്ഞി കഴിച്ച ഭാവം തൻമയത്വത്തോടെ അഭിനയിച്ച ചക്കിപ്പൂച്ച മികച്ച നടിക്കുള്ള അവാർഡും കരസ്ഥമാക്കി.

## ഗജൻ മൂസ മികച്ച ഗായകൻ



**കാടളം:** 'മൊഹബ്ബത്തിന്റെ വാരിക്കുഴി' എന്ന ചിത്രത്തിലെ കാടിന്റെ ഖൽബേ എന്ന പാട്ടു പാടിയ ഗജൻ മൂസ മികച്ച ഗായകനായി. കാട്ടിലെ ഓരോ മൃഗങ്ങളുടെയും നാവിൽ ഇപ്പോൾ ഏത് നേരവും തത്തിക്കളിക്കുന്ന ഗാനമാണ് കാടിന്റെ ഖൽബേ, ഖൽബിന്റെ നൂറേ.. അജബിന്റെ മരമേ... ചിരിതൂകും ഷജറത്തല്ലേ.. എന്ന ഗാനം.

ചിന്നൻ മാനാണ് ഈ പാട്ടെഴുതിയത്. അവാർഡ് കിട്ടിയതിൽ വലിയ സന്തോഷമുണ്ടെന്ന് ഗജൻ മൂസ പറഞ്ഞു.

## കൃഷി നശിപ്പിച്ചതിന് കങ്കൻ പന്നിക്കെതിരെ കേസെടുത്തു



**തവളക്കുളം:** തന്റെ കൃഷി സ്ഥലം നശിപ്പിക്കുന്നു എന്നും സ്ഥിരമായി ചേനയും കപ്പയുമൊക്കെ കട്ടു തിന്നുന്നുവെന്നുമുള്ള മോഹൻ കുറുക്കന്റെ പരാതിയിൽ കങ്കൻ പന്നിക്കെതിരെ കേസെടുത്തു. കുറേ കാലമായി ഞാനീ പ്രശ്നം ഉന്നയിക്കുന്നുവെങ്കിലും ഇതുവരെ ആരും തിരിഞ്ഞു നോക്കിയില്ല എന്നും എത്രകാലമായി ഞാനിങ്ങനെ ദുരിതമനുഭവിക്കുന്നുവെന്നും മോഹൻ പറഞ്ഞു. എന്നാൽ കപ്പയും ചേനയുമൊക്കെ എന്റെ ജൻമാവകാശമാണ് എന്ന നിലപാടിലാണ് കങ്കൻ. എനിക്ക് വിശന്നാൽ ഞാൻ തിന്നും, ദാഹിച്ചാൽ വെള്ളം കുടിക്കും. ഭൂമിയിലെ വെള്ളവും അന്നവും എല്ലാവർക്കുമുള്ളതാണെന്നും ഞാൻ സോഷ്യലിസ്റ്റാണെന്നും കങ്കൻ പറഞ്ഞു. അങ്ങനെയെങ്കിൽ ലോകത്തെ എല്ലാ കള്ളൻമാർക്കും താൻ സോഷ്യലിസ്റ്റാണെന്ന് പറഞ്ഞാൽ മതിയെന്നും തനിക്ക് വേണ്ട ഭക്ഷണം അധ്വാനിച്ച് നട്ടു പിടിപ്പിച്ച് കഴിക്കുന്നതാണ് മാന്യത എന്നും മോഹൻ പറഞ്ഞു.